# സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം

സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം സമാപന പരിപാടികൾ സേക്രഡ് ഹാർട്ട് കോൺവെന്റ് എൽപി സ്കൂളിൽ 2022 ഓഗസ്റ്റ് 10 മുതൽ 15 വരെ മികച്ച രീതിയിൽ ആചരിക്കുകയുണ്ടായി. ഓഗസ്റ്റ് എട്ടാം തീയതി വിദ്യാർഥികൾക്കായി പ്രചന്ന വേഷം മത്സരവും ചിത്രരചനാ മത്സരവും നടത്തി. ഓഗസ്റ്റ് പത്താം തീയതി വിദ്യാലയത്തിലെ എണ്ണൂറോളം വിദ്യാർത്ഥികൾ പി ടി എ, എം പി ടി എ അംഗങ്ങൾ, രക്ഷിതാക്കൾ, എസ് എസ് ജി , ഒ ടി എ, ഒ എസ് എ, അധ്യാപകർ എന്നിവർ സ്വാതന്ത്ര്യത്തിന്റെ കൈയൊപ്പ് ചാർത്തി. എ ഇ ഒ ശ്രീ ബാലകൃഷ്ണൻ സാറും ഓഫീസ് സ്റ്റാഫ് ശ്രീമതി സീമ മേഡവും ചടങ്ങിൽ സംബന്ധിക്കുകയുണ്ടായി. അന്നേദിവസം കുട്ടികൾക്കായി ദേശഭക്തിഗാന മത്സരം, പ്രസംഗ മത്സരം എന്നിവ സംഘടിപ്പിച്ചു. ഓഗസ്റ്റ് പതിനൊന്നാം തീയതി കുട്ടികൾ, അധ്യാപകർ, പി ടി എ, എം പി ടി എ അംഗങ്ങൾ എല്ലാവരും ചേർന്ന് സ്കൂൾ അങ്കണത്തിൽ ഗാന്ധി മരംനട്ടു. പി ടി എ പ്രസിഡന്റ് ശ്രീ നിജോയ് സി ജെ പരിപാടികൾക്ക് നേതൃത്വം നൽകി.ഹെഡ്മിസ്ട്രസ് സിസ്റ്റർ അൽഫോൻസ സിഎംസി സന്ദേശം നൽകി. എംപിടിഎ പ്രസിഡന്റ് ശ്രീമതി വീണ ആശംസകളർപ്പിച്ച് സംസാരിച്ചു. മാസ്റ്റർ ക്രിസ്റ്റി ടെറി ഗാന്ധിജിയായി വേഷമിട്ടു. പന്ത്രണ്ടാം തീയതി സ്കൂൾ ലീഡർ കുമാരി നാനിയ ഡോൺ വിദ്യാർഥികൾക്ക് ഭരണഘടനയുടെ ആമുഖം വായിച്ചു കൊടുത്തു മറ്റു കുട്ടികൾ ഏറ്റുപറയുകയും ചെയ്തു. കബ്ബ് ബുൾ ബുൾ കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിച്ചു. കുട്ടികൾ പതാക നിർമ്മാണത്തിലും ക്വിസ് മത്സരത്തിലും പങ്കെടുക്കുകയുംചെയ്തു. പതിനഞ്ചാം തീയതി വിദ്യാലയത്തിൽ നടന്ന ചടങ്ങിൽ മദർ സുപ്പീരിയർ സിസ്റ്റർ ആൻലിൻ സിഎംസി പതാക ഉയർത്തി. പി ടി എ, എംപിടിഎ അംഗങ്ങൾ, അധ്യാപകർ, വിദ്യാർഥികൾ,എന്നിവർ പങ്കെടുത്തു. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കുട്ടികൾ വീടുകളിൽ പതാക ഉയർത്തി ഹർ ഗർ തിരംഗ പരിപാടിയിൽ പങ്കുചേർന്നു. കുട്ടികൾക്ക് സ്വാതന്ത്ര്യ സമര ചരിത്രത്തെ കുറിച്ചു അറിയുവാനും അവരിൽ ദേശസ്നേഹം വളർത്താനും ഈ ദിനാചരണം കൊണ്ട് സാധിച്ചു.

&&&&&&&&&&&&&&&&&&&&